# അഖിലമലങ്കര ഓർത്തഡോക്സ് ശുശ്രൂഷകസംഘം ഏകദിനസമ്മേളനം

അഖിലമലങ്കര ഓർത്തഡോക്സ് ശുശ്രൂഷകസംഘത്തിന്റെ (AMOSS) ഒരു ഏകദിനസമ്മേളനം Dubai St. Thomas Orthodox Cathedral – ൽ വച്ച് ഒക്ടോബർ മാസം 15–ാം തീയ്യതി AMOSS പ്രസിഡന്റ് അഭിവന്ദ്യ ഡോ. മാത്യൂസ് മാർ തീമോത്തിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സെമിനാറിൽ AMOSS UAE പ്രസിഡന്റും, Dubai St. Thomas Orthodox Cathedral അസി. വികാരിയുമായ Rev. Fr. Lany Chacko ഏവരെയും സ്വാഗതം ചെയ്യുകയും, Cathedral വികാരി Rev. Fr. Shaji Mathews ആമുഖ പ്രസംഗം നടത്തുകയും ചെയ്തു. തുടർന്ന് പ്രസിഡന്റ് തിരുമേനി 103 –ാം സങ്കീർത്തനം 21 –ാം വാക്യം ഉദ്ധരിച്ചുകൊണ്ട്, ദൈവത്തിന്റെ ആജ്ഞ അനുസരിച്ച് ജീവിയ്ക്കുന്ന ശുശ്രൂഷകൻ ആയിരിയ്ക്കണമെന്നും, നാം ചെയ്യുന്ന ഓരോ പ്രവൃത്തിയും ദൈവം സിഡിയിൽ അതാതു സമയത്ത് റിക്കോർഡ് ചെയ്യുകയും ന്യായവിധിയിൽ ആ സിഡിയിൽ ഉള്ള കാര്യങ്ങൾ നമ്മെ കാണിയ്ക്കുകയും ചെയ്യുമെന്നും, ഓർത്തഡോക്സ് സഭയുടെ ആരാധനയുടെ പരിമളം മററുള്ളവർക്ക് പരിമളം ആയിരിയ്ക്കണമെന്നും ആയതുകൊണ്ട് നാം ദൈവീകകാര്യങ്ങളിൽ മാത്രം ദൃഷ്ടി പതിപ്പിച്ച് ജീവിതം പ്രാർത്ഥനാപൂർവ്വമായിരിയ്ക്കണമെന്നും ഉദ്ബോധിപ്പിക്കുകയും ചെയ്തു. തുടർന്ന് Rev. Fr. John Varghese പുന്നല പ്രത്യേക ക്ലാസുകൾ എടുക്കുകയും ചെയ്തു. AMOSS അഖില മലങ്കര സെക്രട്ടറി Prof. Babu Varghese, Abu Dhabi St. George Orthodox Cathedral വികാരി Rev. Fr. M.C Mathai, Dubai St. Thomas Orthodox Cathedral സെക്രട്ടറി Mr. Thomas Joseph, AMOSS UAE Region സെക്രട്ടറി Mr. I. Thomas എന്നിവർ ആശംസകൾ അർപ്പിക്കുകയും ചെയ്തു.

200–ൽപരം അംഗങ്ങൾ സംബന്ധിച്ച സെമിനാറിൽ UAE-യിലെ എല്ലാ ഇടവകയിലെയും വികാരിമാരായ Rev. Fr. Shajan Varghese, Rev. Fr. John Samuel, Rev. Fr. Jacob George, Rev. Fr. Lijo Joseph, Rev. Fr. Skaria Mathew, Rev. Fr. Yacob Baby, Rev. Fr. Aji Chacko എന്നിവരും സംബന്ധിച്ചു.